പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4816 | 24. 07.2015- ൽ മറുപടി നല്കേണ്ടത് |
|---|---|

**വയനാട് ജില്ലയിലെ മാനസികാരോഗ്യ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വയനാട്ജില്ലയിൽ ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന മാനസികാരോഗ്യ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ; | എ) | ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ പ്രാഥമിക/ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലായി 16 ക്ലിനിക്കുകൾ എല്ലാ മാസവും നടത്തിവരുന്നുണ്ട്.പദ്ധതി തുടങ്ങിയതു മുതൽ വയനാട് ജില്ലയിൽ ഇതുവരെയായി 3417 മാനസിക രോഗികൾ ജില്ലാ മാനസികാരോഗ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണ-പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്.<br>പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരിയിൽ മാനസികരോഗികൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ഒരു പുനരധിവാസ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുതപദ്ധതിക്ക് ആവശ്യമായ തുക എവിടെ നിന്നാണ് സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) & സി) | ഇംഹാൻസിന്റെ സാമൂഹിക മാനസികാരോഗ്യ പദ്ധതികളുടെ നടത്തിപ്പിനായി എൻ. ആർ. എച്ച്. എം-ൽ നിന്നും. ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടത്തിക്കൊണ്ട് പോകുന്നത്.<br>ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ഫണ്ടുകൾ എൻ. ആർ. എച്ച്. എം വഴി ലഭ്യമായിട്ടില്ല. |
| സി) | പ്രസ്തുതപദ്ധതി തടസ്സം കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

സെക്ഷൻ ഓഫീസർ